## മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ.തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 44**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

ആരോഗ്യമുള്ള സമൂഹം എല്ലാവരുടെയും ആഗ്രഹമാണ്. സൗഖ്യദായകശുശ്രൂഷ നമ്മുടെ കർത്താവിന്റെ പരസ്യ ശുശ്രൂഷയുടെ സുപ്രധാന ഭാഗമായിരുന്നു. ഇന്നും ഈ സൗഖ്യദായകശുശ്രൂഷ സഭയിലൂടെയും മറ്റ് ആതുരശുശ്രൂഷാരംഗങ്ങളിലൂടെയും നിർവഹിച്ചുകൊണ്ടിരിക്കുന്നു. സഭയിലൂടെ ഈ മഹത്തായ ശുശ്രൂഷയെ ഓർക്കുന്നതിനും, അതിൽ ഏർപ്പെട്ടിരിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും, പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുന്നതിനുമായി 2022 ഫെബ്രുവരി 6–ാം തീയതി മെഡിക്കൽ മിഷൻ ഞായറാഴ്ചയായി സഭ ആചരിക്കുന്നു.

ഏറ്റവും കുറഞ്ഞ ചെലവിൽ ഏറ്റവും നല്ല വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ മാർത്തോമ്മാ മെഡിക്കൽ മിഷൻ ബോർഡിന്റെ ചുമതലയിൽ പ്രധാനമായി കറ്റാനം സെന്റ് തോമസ് മിഷൻ ഹോസ്പിറ്റൽ, കുമ്പനാട് ഫെലോഷിപ്പ് മിഷൻ ഹോസ്പിറ്റൽ, ചുങ്കത്തറ മാർത്തോമ്മാ മിഷൻ ഹോസ്പിറ്റൽ എന്നീ ആശുപത്രികൾ പ്രവർത്തിക്കുന്നു.

250 കിടക്കകളുള്ള കറ്റാനം സെന്റ് തോമസ് മിഷൻ ആശുപത്രിയിലെ നേത്രചികിത്സാവിഭാഗം, 12 യൂണിറ്റുള്ള ഡയാലിസിസ് സെന്റർ എന്നിവ എടുത്തു പറയത്തക്കവയാണ്. ആശുപത്രിയോട് അനുബന്ധിച്ച് ബി.എസ്.സി നഴ്സിംഗ്, ജനറൽ നഴ്സിംഗ്, ഹെൽത്ത്വർക്കേഴ്സ് കോഴ്സ്, ഡിപ്ലോമ ഇൻ മെഡിക്കൽ ലാബ് ടെക്നോളജി, ബി.ഫാം, ഡി.ഫാം, എം. എസ്. സി നേഴ്സിംഗ് എന്നീ കോഴ്സുകളിലായി 699 കുട്ടികൾ പഠിക്കുന്നു. കാർഡിയോളജി യൂണിറ്റിൽ ആൻജിയോ ഗ്രാഫി, ആൻജിയോപ്ലാസ്റ്റി കുറഞ്ഞ ചെലവിൽ ചെയ്യുന്നു.റ്റാറ്റാ മെമ്മോറിയൽ സെന്ററുമായി സഹകരിച്ച് കറ്റാനം സെന്റ് തോമസ് മിഷൻ ആശുപത്രിയിൽ ഓൺകോളജി ഡിപ്പാർട്ട്മെന്റും കൊട്ടാരക്കര എപ്പിസ്കോപ്പൽ ജൂബിലി മന്ദിരത്തോട് ചേർന്ന് പുതുതായി നിർമിച്ച ഹോസ്പീസിൽ ക്യാൻസർ ചികിത്സയിലുള്ള രോഗികൾക്കായി പെയ്ൻ ആൻഡ് പാലിയേറ്റിവ് കെയർ സെന്ററും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

150 കിടക്കയുള്ള കുമ്പനാട് ഫെലോഷിപ്പ് മിഷൻ ആശുപത്രിയോട് ചേർന്നുള്ള എ.എം.എം. ജീറിയാട്രിക് സെന്ററിന്റെ പ്രവർത്തനങ്ങളും കമ്മ്യൂണിറ്റി പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളും ശ്ലാഘനീയമാണ്. ജീറിയാട്രിക് സെന്ററിൽ ഇപ്പോൾ 150 അംഗങ്ങൾ താമസിക്കത്തക്കവണ്ണം ക്രമീകരണം ചെയ്തിട്ടുണ്ട്. അബുദാബി മാർത്തോമ്മാ ഇടവകയുടെ സഹായത്തോട്കൂടെ ആരംഭിച്ച ഡയാലിസിസ് സെന്ററിൽ 13 യൂണിറ്റുകൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ആശുപത്രിയുടെ വളർച്ചയിൽ നേതൃത്വം നൽകിയ ഭാഗ്യസ്മരണീയനായ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ സ്മരണാർത്ഥം മാർ ക്രിസോസ്റ്റം ഫെലോഷിപ്പ് മിഷൻ ഹോസ്പിറ്റൽ കുമ്പനാട് എന്ന് നാമകരണം ചെയ്തു. ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനുള്ള ക്രമീകരണം ചെയ്തുവരുന്നു.

50 കിടക്കകളോടുകൂടിയ ചുങ്കത്തറ മാർത്തോമ്മാ മിഷൻ ആശുപത്രിയുടെ പ്രവർത്തനങ്ങളും അനുഗ്രഹീതമായി നടക്കുന്നു. 2021 സെപ്റ്റംബർ മുതൽ പുതിയ നേത്ര ചികിത്സാവിഭാഗം ആരംഭിച്ചു. 7 ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നു. ആശുപത്രിയുടെ വികസനത്തിനായി ബാംഗ്ലൂർ ആസ്ഥാനമായുള്ള TIMT Charitable Trust സഹായം ചെയ്ത് വരുന്നു.

സഭയുടെ സ്പോൺസർഷിപ്പോടുകൂടി വെല്ലൂർ, ലുധിയാന എന്നീ ക്രിസ്ത്യൻ മെഡിക്കൽ കോളേജുകളിൽ വിവിധ കോഴ്സുകൾക്ക് കുട്ടികൾ പഠിക്കുന്നു. മെഡിക്കൽ ക്യാമ്പുകൾ, സൗജന്യ ചികിത്സാ പദ്ധതികൾ, കുറഞ്ഞ ചിലവിലുള്ള ഡയാലിസിസ് ചികിത്സ, പാലിയേറ്റീവ് കെയർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ തുടങ്ങിയവയിലൂടെ സമൂഹത്തിലെ നിർദ്ധനരുടെ ജീവിതത്തിലേക്ക് ഇറങ്ങി ചെല്ലുവാൻ സാധിക്കുന്നു. നിർദ്ധനരായ രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ലഭ്യമാക്കുന്നതിന് സഭാജനങ്ങളുടെ ഔദാര്യപൂർവ്വമായ സഹകരണം പ്രതീക്ഷിക്കുന്നു. ഒരു സൗജന്യ ഡയാലിസിസിന് 1200 രൂപ ചെലവാകും എന്ന് ഓർമ്മിപ്പിക്കുന്നു. സംഭാവനകൾ സഭാ ഓഫീസിലേക്ക് അയയ്ക്കാവുന്നതാണ്.

മാർത്തോമ്മാ മെഡിക്കൽ മിഷൻ അതിന്റെ പ്രവർത്തനത്തിൽ ഗോൾഡൻ ജൂബിലിവർഷത്തിലേക്ക് പ്രവേശിക്കുകയാണ്. 2021 മെയ് മാസം മുതൽ റവ.ഷിബു സാമുവേൽ മെഡിക്കൽ മിഷന്റെ സെക്രട്ടറിയായി ചുമതലയിൽ പ്രവേശിച്ചു. 2022 ഫെബ്രുവരി 6–തീയതി ഞായറാഴ്ച ആരാധനാമദ്ധ്യേ മെഡിക്കൽ മിഷൻ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും സ്തോത്രകാഴ്ച സമർപ്പിക്കുകയും ചെയ്യണം. ഈ വർഷം സ്തോത്രകാഴ്ച ഇനത്തിൽ 36 ലക്ഷംരൂപയാണ് പ്രതീക്ഷിക്കുന്നത്. എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകണം എന്ന് ഉദ്ബോധിപ്പിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പുലാത്തീനിൽ നിന്നും 2022 ജനുവരി മാസം 19–തീയതി

ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ